പുതിയതായി എൽ. പി., യു. പി. സ്കൂളുകൾ അനുവദിക്കാൻ സ്വീകരിച്ച മാനദണ്ഡം

27 (3666) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പുതിയതായി എൽ.പി., യു.പി. സ്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എയിഡഡ് എത്ര, അൺ എയിഡഡ് എത്ര ;

(സി) സ്കൂളുകൾ അനുവദിക്കാൻ സ്വീകരിച്ച മാനദണ്ഡം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) നയപരമായ സർക്കാർ തീരുമാനം ഇപ്പോൾ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

അൺ റെക്കഗ്നൈസ്ഡ് സ്കൂളിൽ പരീക്ഷ എഴുതിക്കരുതെന്ന ഹൈക്കോടതി ഉത്തരവ്

28 (3667) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ റെക്കഗ്നൈസ്ഡ് സ്കൂളുകളിലെ വിദ്യാർത്ഥികളെ പരീക്ഷ എഴുതിക്കരുതെന്ന് ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ ; കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഈ ഉത്തരവ് കാരണം പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർഥികളുടെ ഭാവി അനിശ്ചിതത്വത്തിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പ്രസക്ത ഭാഗം അഡ്വക്കേറ്റ് ജനറൽ അയച്ചു തന്നത് ഉള്ളടക്കം ചെയ്യുന്നു.†

(ബി & സി) അൺ റെക്കഗ്നൈസ്ഡ് സ്കൂളുകളിൽ 6-ാം ക്ലാസ്സു വരെ പഠിക്കുന്ന എല്ലാ കുട്ടികളെയും തൊട്ടടുത്ത സർക്കാർ/എയിഡഡ് സ്കൂളുകളിൽ പരീക്ഷയ്ക്കിരുത്താൻ സർക്കാർ നേരത്തെ തന്നെ ഉത്തരവായിട്ടുണ്ട്. മറ്റു ക്ലാസ്സുകളിൽ പഠിക്കുന്നവരും വാർഷിക പരീക്ഷയ്ക്കിരിക്കാൻ സർക്കാർ ഉത്തരവ് ആവശ്യപ്പെട്ടിട്ടുള്ളവരുമായ എല്ലാപേർക്കും അതിനകം ഉത്തരവ് നൽകിയിട്ടുണ്ട്. ഒന്നു മുതൽ മൂന്നു ക്ലാസ്സുകളിൽ വരെ പഠിക്കുന്ന കുട്ടികളെ സംബന്ധിച്ചുള്ള തീരുമാനം താമസിയാതെ എടുക്കുന്നതാണ്.

†അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly